# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3176 — 13/10/2011 ൽ മറുപടിക്ക്

## പാചകവാതക വിതരണത്തിലെ കാലതാമസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | ശ്രീ. ടി.എം.ജേക്കബ് (ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | പൊതുമേഖലയിൽ പാചകവാതകം വിതരണം ചെയ്യുന്നത് ഏതെല്ലാം സ്ഥാപനങ്ങളാണ്; | (എ) | ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, ഭാരത് പെട്രോളിയം ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് എന്നീ മൂന്ന് ഓയിൽ കമ്പനികളാണ് പൊതുമേഖല യിൽ പാചകവാതകം വിതരണം ചെയ്യുന്നത്. |
| (ബി) | ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ കീഴിലുള്ള ഏജൻസികളിൽ ബുക്ക് ചെയ്ത ശേഷം പാചകവാതകം ലഭിക്കാൻ എത്ര ദിവസം വേണ്ടിവരുന്നുണ്ട്; | (ബി) | നിലവിൽ ബുക്ക് ചെയ്ത് 30 മുതൽ 50 ദിവസം വരെ വേണ്ടിവരുന്നുണ്ടെന്ന് ഓയിൽ കമ്പനികളുടെ സംസ്ഥാന തല കോ- ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (സി) | കണ്ണൂർ ജില്ലയിൽ ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ കീഴിലുള്ള ഏജൻസികൾ വഴി വിതരണം ചെയ്യുന്ന പാചകവാതകം ലഭിക്കാൻ 50 ദിവസത്തോളം കാലതാമസം വരുന്നുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ കാലതാമസം കൂടാതെ പാചക വാതകം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | പാചകവാതക ക്ഷാമം പരിഹരിക്കുന്നതി നായി ഓയിൽകമ്പനികളുടെ ബോട്ടിലിംഗ് പ്ലാന്റുകളിൽ ഉൽപാദനം പരമാവധി വർദ്ധിപ്പിക്കുവാനും ആവശ്യമെങ്കിൽ ഞായറാഴ്ച ഉൾപ്പെടെയുള്ള അവധി ദിവസങ്ങളിൽ പ്രവൃത്തിയെടുത്ത് ക്ഷാമം പരിഹരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ഓയിൽക്കമ്പനി കളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

കരാർ തൊഴിലാളികളുടെയും ട്രക്ക് തൊഴിലാളികളുടേയും തൊഴിൽ തർക്കം മൂലമുണ്ടാകുന്ന പാചകവാതകവിതരണത്തിലെ കാലതാമസം പരിഹരിക്കുന്നതിന് സർക്കാർ ഇടപെടാറുണ്ട്.

സെക്ഷൻ ഓഫീസർ.